**POLICE** **DEPARTMENT**

**KERALA**

**No. G5-68329/2016/TC**
City Police Office,
Thiruvananthapuram
cptvm.pol@kerala.gov.in
04712320579
Dated. 12-10-2017

**ലേല പരസ്യം**

തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും നേമം വില്ലേജ് പരിധിയിൽ ഉൾപ്പെപ്പെടുന്നതുമായ നേമം പോലീസ് ക്വാർട്ടേഴ്സ് കോമ്പോണ്ടിൽ സ്ഥിതി ചെയ്യുന്ന നം.5654 to 5662 വരെയുള്ള 9 ഫാമിലി ക്വാർട്ടേഴ്സുകൾ പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും നിശ്ചിത നിരതദ്രവ്യമായ 9,777/-(ഒൻപതിനായിരത്തി എഴുനൂറ്റി എഴുപത്തി ഏഴു രൂപ മാത്രം) ലേല സമയത്ത് ആയതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ബോർഡ് മുൻപാകെ അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ട ആൾക്ക് ലേലം താൽകാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതിതുക ടിയാൻ അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്.ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തി കിട്ടുമ്പോൾ ബാക്കി തുകയും മുഴുവൻ തുകയുടെ നികുതികളുമടച്ച് സ്വന്തം ചിലവിൽ 10 ദിവസത്തിനകം ടി കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യേണ്ടതുമാണ്.മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാതെ വന്നാൽ ടിയാന്റെ നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും.പുനർലേലത്തിനു സർക്കാരിനു ഉണ്ടാകുന്ന നഷ്ടത്തിന് മുൻ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും നഷ്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തി വെയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ നേമം പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടെ ലേല വസ്തു കാണാവുന്നതാണ്.

ലേലത്തിന്റെ വിവരം

ലേല തീയതി_ -30/10/17
ലേല സമയം - രാവിലെ 11 മണിക്ക്
ലേല സ്ഥലം - തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസ്
നിരതദ്രവ്യം -9777/-രൂപ(ഒൻപതിനായിരത്തി എഴുനൂറ്റി എഴുപത്തി ഏഴു രൂപ മാത്രം)

P Prakash IPS
Commissioner of Police

To : 1.എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, കമൻഡാന്റ്റ്,എ.ആർ തിരുവനന്തപുരം സിറ്റി ,എല്ലാ SDPO മാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനു വേണ്ടി നൽകുന്നു 2. ചെയർമാനും ബോർഡ് മെമ്പർമാർക്കും ,കാഷ്യർ, സി.പി.ഒ എന്നിവർക്ക് അനന്തര നടപടികൾക്കുമായി

G5-68329/2016/TC

a963eb

നൽകുന്നു. 3. തിരുവനന്തപുരം സെൻട്രൽ പ്രസ്സ് സൂപ്രണ്ടിന് 5 പകർപ്പുകൾ ഗസറ്റ് വിജ്ഞാപനത്തിനായി നൽകുന്നു 4.തിരുവനന്തപുരം പബ്ലിക് റിലേഷൻ ഓഫീസർക്ക് പത്ര മാധ്യമങ്ങളിൽ ആവശ്യമായ പരസ്യം നൽകുന്നതിനായി 5 പകർപ്പുകൾ നൽകുന്നു.

Internal Administrative Processing System
iAPS
KERALA POLICE